## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6161 — 07-11-2016 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീ. വി. അബ്ദുറഹിമാൻ**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. എം. സ്വരാജ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളിലെ യുവതീയുവാക്കൾക്കായി കുടുംബശ്രീ മുഖേന ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന നടപ്പിലാക്കി വരുന്നുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) | ദരിദ്ര കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ. എൽ.എം) ആജീവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന. ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ വിദഗ്ദ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷം 8000 പേർക്ക് നൈപുണ്യ പരിശീലനം നൽകി 5000 പേർക്ക് വ്യവസ്ഥാപിത മേഖലയിൽ തൊഴിൽ ലഭ്യമാക്കും. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, അതിക്രമങ്ങൾക്ക് ഇരയായവർ, ആശ്രയ കുടുംബാംഗങ്ങൾ, തൊഴിലുറപ്പ് ഗുണഭോക്താക്കൾ, ആദിവാസി വിഭാഗങ്ങൾ എന്നിവരെ പരമാവധി പദ്ധതിയിലുൾപ്പെടുത്താനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, പദ്ധതിപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും മറ്റു പിന്തുണാ സഹായങ്ങൾക്കുമായി എറണാകുളം ആസ്ഥാനമായി മൈഗ്രേഷൻ സപ്പോർട്ട് സെന്റർ ആരംഭിക്കുക എന്നിവയാണ് ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റു പദ്ധതികൾ |

| | | | |
|---|---|---|---|
| (സി) | ഡി.ഡി.യു.ജി.കെ.വൈ.യിലൂടെ ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കളെ കണ്ടെത്തി നൈപുണ്യ പരിശീലനം.നൽകുന്നതിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 2016-19 കാലയളവിലേയ്ക്കായി അംഗീകരിച്ച പദ്ധതി പ്രകാരം 51200 ഗ്രാമീണ യുവതി-യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകാനും അവരിൽ 35,000 പേർക്കെങ്കിലും വ്യവസ്ഥാപിത തൊഴിൽ മേഖലയിൽ തൊഴിൽ ലഭ്യമാക്കാനും കഴിയുമെന്നാണ് കരുതുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതി നടത്തിപ്പിനായി 35 ഏജൻസികളുടെ 56 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ